"ഭരണഭാഷ – മാതൃഭാഷ"


ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 –2324951
0471 –2325071
Tele FAX : 0471 – 2324951
e-mail: celsgd@gmail.com
website: www.celsgd.kerala.gov.in


---

നം. ഡിബി4/531/CMLRRP/2020/സിഇ/തസ്വഭവ                                    തീയതി : 25.09.2020

**<u>പരിപത്രം</u>**

വിഷയം : തസ്വഭവ – സാങ്കേതിക വിഭാഗം – "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി [Chief Minister's Local Roads Rebuild Project (CMLRRP)] – പ്രവൃത്തികളുടെ നിർവ്വഹണം, സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നത് – സംബന്ധിച്ച്

സൂചന :
1. സ.ഉ(കൈ)നം.13/2020/തസ്വഭവ, തീയതി 09.01.2020
2. സ.ഉ(കൈ)നം.49/2020/തസ്വഭവ, തീയതി 18.03.2020
3. സ.ഉ(കൈ)നം.71/2020/തസ്വഭവ, തീയതി 04.05.2020
4. സ.ഉ(സാധാ)നം.1300/2020/തസ്വഭവ, തീയതി 01.07.2020
5. സ.ഉ(കൈ)നം.114/2020/തസ്വഭവ, തീയതി 29.07.2020
6. സ.ഉ(കൈ)നം.141/2020/തസ്വഭവ, തീയതി 18.09.2020
7. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 22.09.2020ലെ EWB1/45/2020-LSGD നമ്പർ കത്ത്
8. ഈ കാര്യാലയത്തിലെ 21.05.2020ലെ ഇതേ നമ്പർ സർക്കുലർ

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ സൂചന (1),(3),(4),(5) ഉത്തരവുകൾ പ്രകാരം 961.264 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതും, സൂചന (2),(3),(4),(5) ഉത്തരവുകൾ പ്രകാരം 953.8571751 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. സൂചന (6) പ്രകാരം 60 പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്ത് 40,70,000.00 രൂപ കൂടി അധികം നൽകിയും 38 പുതിയ പ്രവൃത്തികൾക്ക് 6,99,98,249.00 രൂപയുടെ ഭരണാനുമതി നൽകിയും ഉത്തരവായിട്ടുള്ളതാണ്.

സൂചന (7) പ്രകാരം ടി – പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങൾ 30.09.2020നകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ടി – പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികളുടെ ബില്ലുകൾ CMLRRP MIS മുഖാന്തിരമാണ് സമർപ്പിക്കേണ്ടത്. ആയതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ടി-സോഫ്റ്റ്‌വെയറിൽ ലോഗിൻ ഐഡി എടുത്തിരിക്കേണ്ടതാണ്. നാളിതുവരെ എടുക്കാത്തവർ എത്രെയും വേഗം ആയത് എടുക്കേണ്ടതാണ്. പൂർത്തീകരിച്ച പ്രവൃത്തികളുടെ പേയ്മെന്റ് കരാർ ഉറപ്പിച്ച കരാറുകാരന് നേരിട്ട് നൽകുന്നത് സംബന്ധിച്ചും ജില്ലാ തല ടെക്നിക്കൽ കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ചും സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയറിൽ വേണ്ട ക്രമീകരണങ്ങൾ നടത്തി Payment Module ലഭ്യമാക്കുന്നതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അടിയന്തിരമായി ടി-സോഫ്റ്റ്‌വെയറിൽ വേണ്ട രേഖപ്പെടുത്തലുകൾ

നടത്തേണ്ടതും, പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപുള്ളതും പൂർത്തിയാക്കിയതിന് ശേഷമുള്ളതും ആയ ഫോട്ടോകൾ ടി-സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

ടി-പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ സൂചന (8) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സമയബന്ധിതമായി പി-1076 പ്രൊഫോർമയിൽ അപ്ഡേറ്റു ചെയ്യേണ്ടതാണ്. ടി-പ്രൊഫോർമയിൽ "drop down"ൽ കാണിച്ചിട്ടുള്ളവ അല്ലാതെ മറ്റു രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട കളങ്ങളിൽ വരുത്തുവാൻ പാടില്ലാത്തതും, ടി-പ്രൊഫോർമയിൽ ഇല്ലാത്ത പ്രവൃത്തികൾ ഈ കാര്യാലയത്തിന്റെ അനുമതി കൂടാതെ ടി-പ്രൊഫോർമയിൽ ചേർക്കാൻ പാടില്ലാത്തതുമാണ്. ഒരു പ്രവൃത്തിയുടെ നേരെ എല്ലാ കളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്. (പലപ്പോഴും അപ്ഡേറ്റ് ചെയ്യുന്ന വിവരങ്ങൾ തെറ്റായി കാണുന്നു. ഉദാ : സെലക്ഷൻ നോട്ടീസ് നൽകാതെ കരാർ ഉറപ്പിച്ചതായി രേഖപ്പെടുത്തുന്നു)

നാളിതുവരെ സൂചന (2),(3),(4),(5),(6) ഉത്തരവുകൾ പ്രകാരം ഇറങ്ങിയിട്ടുള്ള ഭരണാനുമതിയിൽ തദ്ദേശ സ്ഥാപനത്തിന്റെ പേര്, പ്രവൃത്തിയുടെ പേര് എന്നിവയിൽ മാറ്റം, പ്രവൃത്തിയുടെ പേരിൽ ഇരട്ടിപ്പ്, പ്രവൃത്തി ഒഴിവാക്കേണ്ടത് എന്നീ കാരണങ്ങൾകൊണ്ട് ഭരണാനുമതി ഭേദഗതി ആവശ്യമെങ്കിൽ ചുവടെ കാണിച്ചിട്ടുള്ള പ്രൊഫോർമയിൽ (excel format only) 03.10.2020-ന് 3-പി.എം-ന് മുൻപായി ഈ കാര്യാലയത്തിന്റെ celsgdtech@gmail.com മെയിൽ ഐഡിയിൽ CMLRRP - (Name of Office) - Revision/Cancellation - Report - Submitting - reg എന്ന് ഇമെയിലിന്റെ സബ്ജെക്ടിൽ ആലേഖനം ചെയ്ത് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പ്രവൃത്തികളിലെ ഭേദഗതികളെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖാന്തിരവും, മുനിസിപ്പാലിറ്റികളിലെ ഭേദഗതികൾ അതാത് മേഖല സൂപ്രണ്ടിങ് എഞ്ചിനീയർമാർ മുഖാന്തിരവും കോർപ്പറേഷനുകളിലെ ഭേദഗതികൾ സൂപ്രണ്ടിങ് എഞ്ചിനീയർമാർ മുഖാന്തിരവും സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

PROFORMA

| S.No | A.S Approved G.O No | Phase | S.No in Approved G.O | Name of Work as per approved G.O | A.S amount as per approved G.O (in lakhs only) | Nature of Modification (Change in LSGI name, Name of work correction, Duplication of work, Work to be Cancelled for proposing new work,) | Name of Work | Name of District | Name of LAC | Name of LSGI | Amount of Work (in lakhs only) |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | (To select among the above options only) | | | | | |
| | | | | | | | | | | | |